പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .766 — 23.07.2012-ൽ മറുപടിക്ക്

## പരമ്പരാഗത വിഭാഗങ്ങൾക്ക് മത്സ്യബന്ധനാവകാശവും പ്രാഥമിക വില്പനാവകാശവും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ<br>,, പി. തിലോത്തമൻ<br>,, കെ. അജിത്<br>,, ഇ. ചന്ദ്രശേഖരൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | തീരത്തു നിന്നും സമുദ്രാതിർത്തിയായി വേർതിരിച്ചിട്ടുളള ടെറിട്ടോറിയൽ കണ്ടിഗ്വസ് മേഖലകളിൽ പരമ്പരാഗതമായി മത്സ്യബന്ധനം നടത്തുന്നതിനുളള അവകാശം നിയമപരമായി സംരക്ഷിക്കപ്പെട്ടിട്ടുണ്ടോ; | (എ) | സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 1976 ലെ Territorial water continental shelf Exclusive Economic Zone and other Maritime Zone of India Act അനുസരിച്ച് 12 നോട്ടിക്കൽ മൈൽ വരെയുള്ള കടലിലെ പ്രദേശം ടെറിട്ടോറിയൽ വാട്ടേഴ്സ് ആയും 24 നോട്ടിക്കൽ മൈൽ വരെയുള്ള കടലിലെ പ്രദേശം കണ്ടിഗ്വസ് സോൺ ആയും വേർ തിരിച്ചിട്ടുണ്ട്. Contiguous Zone മേൽ അധികാരം കേന്ദ്ര സർക്കാരിനാണ്. 1980 ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ട് പ്രകാരം പ്രസ്തുത 12 നോട്ടിക്കൽ മൈൽ വരെയുള്ള പ്രദേശത്തെ മത്സ്യബന്ധന അവകാശം സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | മത്സ്യമേഖലയിലെ ചൂഷണവും അരക്ഷിതാവസ്ഥയും ഒഴിവാക്കുന്നതിന് മത്സ്യബന്ധനാവകാശവും പ്രാഥമിക വില്പനാവകാശവും പരമ്പരാഗത വിഭാഗക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ടുളള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുളള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | മത്സ്യത്തൊഴിലാളികളെ മദ്ധ്യവർത്തികളുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കാനും മത്സ്യത്തിന്റെ ആദ്യ വിൽപനയുടെ അവകാശം പരമ്പരാഗത വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളിൽ നിക്ഷിപ്തമാക്കുന്നതിന്റെയും ഭാഗമായി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ തീരദേശ ലേലസമ്പ്രദായം നടത്തി വരുന്നുണ്ട്. ഇതിലൂടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള പ്രാഥമിക |

| | | | |
|---|---|---|---|
| | | | വില്പനാവകാശം ഉറപ്പാക്കുന്നുണ്ട്. കൂടാതെ പരമ്പരാഗത മത്സ്യ ബന്ധന മേഖലയുടെ സമഗ്ര വികസനത്തിനായി പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികളെ ചൂഷണത്തിൽ നിന്നും ഒഴിവാക്കുന്നതിന് മത്സ്യഫെഡ് ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായ ത്തോടു കൂടി 1985 മുതൽ സംയോജിത മത്സ്യ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>ഈ പദ്ധതി വഴി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ ബന്ധന ഉപകരണങ്ങൾ സ്വന്തമാക്കുന്നതിനാവശ്യമായ വായ്പ, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ലേലം ശക്തിപ്പെടുത്താൻ പ്രവർത്തന മൂലധന വായ്പ, മത്സ്യ സംസ്കരണത്തിനും വിപണനത്തിനും അടിസ്ഥാന സൗകര്യവും നൽകി വരുന്നു. ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതിയുടെ അടങ്കൽ തുക 3153.82 ലക്ഷം രൂപയാണ്. |

സെക്ഷൻ ഓഫീസർ